
# വികസന രേഖ പ്രദർശനം



ജനം, ജനാധിപത്യം

## രാഷ്ട്രീയ കേരളം

2025 നവം 25-
2026 ജനു 26

II

**SSF KERALA**

Students' Centre, Calicut-4 www.ssfkerala.org

# കൈത്താങ്ങ്

- ശാരീരികമായി തളർച്ച ബാധിച്ച വിദ്യാർഥികൾക്കും ഇത്തരത്തിലുള്ള സ്കൂളുകളും സൗകര്യങ്ങളും ഒരുക്കണം.
- ഭിന്നശേഷിക്കാർക്കായുള്ള സ്പെഷ്യൽ ക്ലിനിക്കുകൾ നിലവിൽ വരണം. ഇത്തരം സ്പെഷ്യൽ ക്ലിനിക്കുകൾ ഗവൺമെന്റ് നേതൃത്വത്തിലുമാവണം.
- മാനസികമായി തളർന്ന വിദ്യാർഥികളെ ഒരുമിച്ചുകൂട്ടി സംഘടനകളും കൂട്ടായ്മകളും നിലവിൽ വരണം. അത് ഇത്തരം വിദ്യാർഥികൾക്ക് മാനസിക ഊർജവും ഉന്മേഷവും നൽകും.
- ശാരീരികമായി തളർന്ന ആളുകളുടെ കഴിവുകളെ മനസ്സിലാക്കി സാധ്യമായ പരിശീലനങ്ങൾ നൽകി തൊഴിൽ യോഗ്യരാക്കുക.



ജനം, ജനാധിപത്യം
രാഷ്ട്രീയ കേരളം
2025 നവം 25 - 2026 ജനു 26
1

വികസന രേഖ പ്രദർശനം

# കൈത്താങ്ങ്

- പഞ്ചായത്തിൽ പരിശീലന കേന്ദ്രങ്ങളും ക്യാമ്പുകളും നടപ്പിൽ വരുത്തുക.
- ഇവർ നിർമിക്കുന്ന ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിനും പദ്ധതികൾ രൂപീകരിക്കാവുന്നതാണ്.
- പല കാരണങ്ങളാലും പെൻഷനുകൾ തടയപ്പെട്ട വയോജനങ്ങളുണ്ട്. ഇത്തരം ആളുകളെ കണ്ടെത്തി പെൻഷൻ തരപ്പെടുത്തുകയും വീടുകളിൽ എത്തിച്ചു കൊടുക്കുകയും ചെയ്യുന്നതിന് സോഷ്യൽ വർക്കർമാരെ നിയോഗിക്കുക.
- വയോജനങ്ങൾക്ക് ചികിത്സക്കും ആരോഗ്യത്തിനും ആവശ്യമായ സഹായങ്ങൾ ഏർപ്പെടുത്തണം.



ജനം, ജനാധിപത്യം
രാഷ്ട്രീയ കേരളം
2025 നവം 25- 2026 ജനു 26

2

**വികസന രേഖ പ്രദർശനം**

# കൈത്താങ്ങ്

- ചികിത്സിക്കാൻ സാധിക്കാത്ത കുടുംബങ്ങളെ തിരഞ്ഞെടുത്ത് പ്രത്യേക ഫണ്ടുകളും ചികിത്സാ സഹായങ്ങളും നൽകുകയും ചികിത്സക്ക് ശേഷം മരുന്നുകളും ആവശ്യമായ വീൽചെയർ, വാക്കിംഗ് സ്റ്റാൻഡ് ഉപകരണങ്ങളും നൽകുക.

- ഇത്തരം ഉപകരണങ്ങൾ പൊതുവിൽ ലഭ്യമാക്കുന്ന കേന്ദ്രങ്ങൾ സന്നദ്ധ സംഘടനകളുടെ കൂടി സഹായത്തോടെ ഓരോ വാർഡിലും ആരംഭിക്കുക.



ജനം, ജനാധിപത്യം
രാഷ്ട്രീയ കേരളം
2025 നവം 25-
2026 ജനു 26

3

**വികസന രേഖ പ്രദർശനം**

# കലാ-കായികം

- ഉന്നതനിലവാരമുള്ള പ്ലേ ഗ്രൗണ്ടുകൾ, നീന്തൽ കുളങ്ങൾ, കായിക ഉപകരണങ്ങൾ, പരിശീലകർ തുടങ്ങിയവ ഉറപ്പുവരുത്തണം.
- കലാ കായിക മേഖലയിൽ ഉന്നത നിലവാരം പുലർത്തുന്നവരെ കണ്ടെത്തി പരിശീലിപ്പിക്കുന്നതിനും അവർക്ക് മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് ആവശ്യമായ പിന്തുണ നൽകുന്നതിനും പദ്ധതികൾ ആസൂത്രണം ചെയ്യുക.



ജനം, ജനാധിപത്യം
രാഷ്ട്രീയ കേരളം
2025 നവം 25- 2026 ജനു 26

വികസന രേഖ പ്രദർശനം

# സാമൂഹിക അടുക്കള

- പഞ്ചായത്ത് പരിധിയിലെ തെരുവിൽ ജീവിക്കുന്നവർ, ദളിത്, ആദിവാസി, വയോജന, കിടപ്പ് രോഗികൾ, അഗതികൾ തുടങ്ങിയവരടക്കം മുഴുവൻ ജനങ്ങളും പട്ടിണിയിലല്ലെന്ന് ഉറപ്പ് വരുത്തുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യണം. ഇവർക്കായി സാമൂഹിക അടുക്കളകൾ വാർഡ് തലത്തിൽ ആരംഭിക്കുക.



ജനം. ജനാധിപത്യം രാഷ്ട്രീയ കേരളം 2025 നവം 25- 2026 ജനു 26

5

വികസന രേഖ പ്രദർശനം

# വിദ്യാഭ്യാസ മേഖല

- കഴിവുകൾ ഉണ്ടായിട്ടും തന്റെ കഴിവ് എന്താണെന്ന് തിരിച്ചറിയാത്തതും അതിന് അനുയോജ്യമായ ഉയർന്ന സ്ഥാപനങ്ങളും അവസരങ്ങളും എവിടെയാണെന്ന വിവരക്കുറവുമാണ് പല കുട്ടികളേയും ഉന്നത വിദ്യാഭ്യാസമേഖലയിൽ പിന്നോട്ടടിപ്പിക്കുന്നത്. ഇതിനൊരു പരിഹാരമെന്ന നിലക്ക് ഹൈസ്കൂൾ തലം മുതൽ സ്കൂളുകളിൽ കരിയർ ഓറിയന്റേഷൻ പ്രോഗ്രാമുകളും ആപ്റ്റിറ്റ്യൂഡ് ടെസ്റ്റുകളും കൃത്യമായ ഇടവേളകളിൽ ക്ലാസ്സുകളും സംഘടിപ്പിക്കുക. സ്കൂൾ പഠനം കഴിഞ്ഞ് തുടർന്നും അവർക്ക് ആ മേഖലയിൽ പ്രചോദനം നൽകുക .



ജനം, ജനാധിപത്യം
രാഷ്ട്രീയ കേരളം
2025 നവം 25-
2026 ജനു 26

6

**വികസന രേഖ പ്രദർശനം**

# വിദ്യാഭ്യാസ മേഖല

- സൗകര്യപ്രദമായ കളിക്കളം, അവയ്ക്കാവശ്യമായ ഉപകരണങ്ങൾ, ഉന്നത മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് പ്രത്യേക പരിശീലനങ്ങൾ ഒരുക്കുക.

## ഉന്നത പഠനം, പരിശീലനം, മാർഗ നിർദേശം

1. ഉന്നത വിദ്യാഭ്യാസം കൂടുതൽ പരിപോഷിപ്പിക്കുന്നതിനായി ഓരോ സ്കൂളുകൾ കേന്ദ്രീകരിച്ചും ബോധവൽക്കരണങ്ങൾ നൽകുക.

2. കേരളത്തിനു പുറത്ത് കേന്ദ്ര ഗവൺമെന്റിന്റെ കീഴിലും അല്ലാതെയുമായി പ്രവർത്തിക്കുന്ന നിരവധി ഉന്നത യൂണിവേഴ്സിറ്റികളും കോളേജുകളും ഉണ്ടായിട്ടും പല കഴിവുള്ള കുട്ടികളും അതിനെക്കുറിച്ച് ബോധവാന്മാരല്ല.

ജനം, ജനാധിപത്യം
രാഷ്ട്രീയ കേരളം
2025 നവം 25 - 2026 ജനു 26




വികസന രേഖ പ്രദർശനം


# വിദ്യാഭ്യാസ മേഖല

ഹൈസ്കൂൾ തലം മുതൽ ഉന്നത വിദ്യാഭ്യാസത്തിന്റെ അവസരങ്ങൾ അവർക്ക് പരിചയപ്പെടുത്തി കൊടുക്കുക.

3. പ്രാദേശിക സ്കൂളുകളിൽ സ്ക്രീനിംഗ് ടെസ്റ്റ് നടത്തി ഓരോ മേഖലകളിലേക്കും പ്രാപ്തരായ വിദ്യാർഥികളെ കണ്ടെത്തി അവർക്ക് കൃത്യമായ പരിശീലനം നൽകുന്നരീതി നടപ്പിലാക്കുക. ഇത് പിന്തുടർന്നാൽ കുറഞ്ഞ വർഷങ്ങൾ കൊണ്ട് പഞ്ചായത്തിൽ നിന്ന് കൂടുതൽ പേരെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉയർത്തിക്കൊണ്ടുവരാൻ കഴിയും.



# വിദ്യാഭ്യാസ മേഖല



4. ഗ്രാമീണ വായനശാലകളെ കൂടുതൽ ജനകീയമാക്കുക.

5. വിദ്യാർഥികളിൽ വായനാശീലം വർദ്ധിപ്പിക്കുന്നതിനാവശ്യമായ മത്സരങ്ങളും മറ്റു പദ്ധതികളും ആവിഷ്കരിക്കുക.

5. ശൗചാലയങ്ങൾ ശിശുസൗഹൃദമാക്കുക. പെൺകുട്ടികൾക്കാവശ്യമായ സാനിറ്ററി നാപ്കിനു കൾ ലഭിക്കുന്ന വെൻഡറുകൾ, ഉപയോഗ ശേഷം സംസ്കരിക്കാനുള്ള ശാസ്ത്രീയ സംവിധാനങ്ങൾ എന്നിവ ശൗചാലയങ്ങളോട് ചേർന്ന് സജ്ജീകരിക്കുക.

- ശുദ്ധമായ കുടിവെള്ളം മുഴുവൻ സമയത്തും ലഭ്യമാക്കുക.



ജനം, ജനാധിപത്യം
രാഷ്ട്രീയ കേരളം
2025 നവം 25- 2026 ജനു 26



വികസന രേഖ
പ്രദർശനം

# വിദ്യാഭ്യാസ മേഖല

അംഗൻവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. അവരുടെ മാനസികാരോഗ്യം, സൈക്കോളജി, സ്വഭാവങ്ങൾ, പഠനവൈകല്യങ്ങൾ തുടങ്ങിയ മേഖലകളിൽ വ്യക്തമായ അവബോധമുള്ള ആയമാർ ആവശ്യമാണ്. കുട്ടികളോടുള്ള പെരുമാറ്റം ശാസ്ത്രീയമാവുന്നതിലൂടെ അവരുടെ വളർച്ചയ്ക്ക് അത് സഹായകമാകും.



3. എൽപി തലം തൊട്ട് ക്ലാസ് റൂം സൗകര്യങ്ങൾ വർധിപ്പിക്കണം. കൂടുതൽ സ്മാർട്ട് ക്ലാസ്സുകൾ എല്ലാ സ്കൂളുകളിലും വേണം. എൽ പി, യു പി, എച്ച് എസ് തലങ്ങൾക്കനുസ്യതമായി ലാബ് സൗകര്യങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണം.

ജനം, ജനാധിപത്യം
രാഷ്ട്രീയ കേരളം
2025 നവം 25- 2026 ജനു 26

10

വികസന രേഖ
പ്രദർശനം

# വിദ്യാഭ്യാസ മേഖല

- വിദ്യാഭ്യാസം ഒരു സമൂഹത്തിന്റെ അടിസ്ഥാന ആവശ്യങ്ങളിലൊന്നാണ്. **വിദ്യാഭ്യാസ രംഗത്തെ പങ്കാളിത്തവും സൗകര്യങ്ങളും കാര്യക്ഷമതയും കാലോചിതമായി പരിഷ്കരിക്കൽ** ഏതൊരു സമൂഹത്തിന്റെയും അനിവാര്യതയാണ്.



## അടിസ്ഥാന സൗകര്യങ്ങളുടെ വികസനം

1. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുക.
2. അംഗൻവാടികളിൽ നിന്നാണ് യഥാർത്ഥത്തിൽ വിദ്യാഭ്യാസത്തിന് അടിത്തറപാകുന്നത്.




ജനം, ജനാധിപത്യം
രാഷ്ട്രീയ കേരളം
2025 നവം 25-
2026 ജനു 26
11

**വികസന രേഖ പ്രദർശനം**